1. The Joint Commissioner's Report
   i. Was the first colonial report on Malabar.
   ii. Explained reasons for agrarian unrest among Mappila Muslims.
   iii. Was brought out in 1792 – 93.

   A) All of the above (i, ii and iii)
   B) Only ii and iii
   C) Only i and ii
   D) Only i and iii

2. The Second Kerala Provincial Conference held in Palghat in 1923 passed a resolution for
   i. Equal participation of Indians in administration.
   ii. Mutual harmonious relationship between Hindus and Muslims.
   iii. End of exorbitant export duties.

   A) None of the above (i, ii and iii)
   B) Only i
   C) Only ii
   D) Only iii

3. The movement that was a part of the formal programme of the Non Co-operation Movement.
   i. Drive against liquor consumption.
   ii. Move to remove untouchability.
   iii. None of the above.

   A) Only iii
   B) Only ii
   C) Only i
   D) None of the above (i, ii and iii)

4. The activities of the Chittagong Rebels were characterised by
   i. Group action aimed at the colonial State.
   ii. Participation of young women.
   iii. All of the above.

   A) Only iii
   B) Only ii
   C) Only i
   D) None of the above (i, ii and iii)

5. What is to be done ? was
   i. The basic text of the Mensheviks.
   ii. Against 'legal Marxists' and economism.
   iii. Charter of demands submitted to the Czar.

   A) Only i
   B) Only ii
   C) Only iii
   D) None of the above (i, ii and iii)

1. ജോയിന്റ് കമ്മീഷണറുടെ റിപ്പോർട്ട്
   i. മലബാറിനെക്കുറിച്ചുള്ള ആദ്യത്തെ കൊളോണിയൽ റിപ്പോർട്ട് ആയിരുന്നു.
   ii. മാപ്പിള മുസ്ലീങ്ങൾക്കിടയിലെ കാർഷിക അശാന്തിയുടെ കാരണങ്ങൾ വിശദീകരിച്ചു.
   iii. 1792 – 93 ൽ കൊണ്ടുവന്നത്.
   A) മുകളിൽ പറഞ്ഞ എല്ലാം (i, ii, iii)
   B) ii, iii എന്നിവ മാത്രം
   C) i, ii എന്നിവ മാത്രം
   D) i, iii എന്നിവ മാത്രം

2. 1923-ൽ പാൽഘട്ടിൽ നടന്ന രണ്ടാം കേരള പ്രവിശ്യാ സമ്മേളനം ഇതിനായി ഒരു പ്രമേയം പാസാക്കി
   i. ഭരണത്തിൽ ഇന്ത്യക്കാരുടെ തുല്യ പങ്കാളിത്തം.
   ii. ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലുള്ള പരസ്പര യോജിപ്പുള്ള ബന്ധം.
   iii. അമിതമായ കയറ്റുമതി തീരുവയുടെ അവസാനം.
   A) മുകളിൽ കൊടുത്തിരിക്കുന്നതിൽ ഒന്നുമല്ല (i, ii, iii)
   B) i മാത്രം
   C) ii മാത്രം
   D) iii മാത്രം

3. നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഔപചാരിക പരിപാടിയുടെ ഭാഗമായ പ്രസ്ഥാനം.
   i. മദ്യപാനത്തിനെതിരെയുള്ള നീക്കം.
   ii. തൊട്ടുകൂടായ്മ നീക്കം ചെയ്യാനുള്ള നീക്കം.
   iii. മുകളിൽ പറഞ്ഞവ ഒന്നുമല്ല.
   A) iii മാത്രം
   B) ii മാത്രം
   C) i മാത്രം
   D) മുകളിൽ കൊടുത്തിരിക്കുന്നതിൽ ഒന്നുമല്ല (i, ii, iii)

4. ചിറ്റഗോംഗ് വിമതരുടെ പ്രവർത്തനങ്ങൾ
   i. കൊളോണിയൽ സ്റ്റേറ്റിനെ ലക്ഷ്യമിട്ടുള്ള ഗ്രൂപ്പ് പ്രവർത്തനം.
   ii. യുവതികളുടെ പങ്കാളിത്തം.
   iii. മുകളിൽ പറഞ്ഞവയെല്ലാം.
   A) iii മാത്രം
   B) ii മാത്രം
   C) i മാത്രം
   D) മുകളിൽ കൊടുത്തിരിക്കുന്നതിൽ ഒന്നുമല്ല (i, ii, iii)

5. വാട്ട് ഈസ് ടു ബി ഡൺ ? എന്നത് ആയിരുന്നു
   i. മെൻഷെവിക്കുകളുടെ അടിസ്ഥാന ഗ്രന്ഥം.
   ii. നിയമപരമായ മാർക്സിസ്റ്റുകൾക്കും സാമ്പത്തികവാദത്തിനും എതിരെ.
   iii. സാറിന് (Czar) സമർപ്പിച്ച ആവശ്യങ്ങളുടെ ചാർട്ടർ.
   A) i മാത്രം
   B) ii മാത്രം
   C) iii മാത്രം
   D) മുകളിൽ കൊടുത്തിരിക്കുന്നതിൽ ഒന്നുമല്ല (i, ii, iii)

6. The Directorate of Enforcement is empowered to
   i. Investigate the offence of money laundering and violations of foreign exchange laws.
   ii. Investigate governmental corruption.
   iii. Investigate cases of tax evasion.
   A) Only i
   B) Only ii
   C) Only iii
   D) None of the above (i, ii and iii)

7. Which one of the following sequencing is correct according to the layers of Atmosphere ?
   A) Stratosphere – Mesosphere – Exosphere – Thermosphere – Troposphere
   B) Troposphere – Stratosphere – Mesosphere – Thermosphere – Exosphere
   C) Mesosphere – Troposphere – Exosphere – Stratosphere – Thermosphere
   D) Thermosphere – Stratosphere – Mesosphere – Troposphere – Exosphere

8. Aravally range is the oldest mountain range in India. Which one of the following statements is not significant about Aravally mountain range ?
   A) Aravally range became a barrier during mansoon, so mansoon clouds move east ward towards and nurture sub Himalayan rivers and feeding North Indian plane
   B) Aravally becomes a block between Thar Desert and North Indian plane
   C) Aravally acts as a separation wall between North and South India
   D) A greener Aravally acts as a ground water recharge for the region facing acute water scarcity

9. Straits are thin water bodies that separate main land and connects two major ground water resources. Bosporus strait separates Asian Turkey from European and it connects
   A) Black Sea and Sea of Maramara
   B) Atlantic Ocean and Mediterranean Sea
   C) Black Sea and Arabian Sea
   D) Mediterranean Sea and Baltic Sea

10. Which condition (Temperature, Rainfall and Soil type) among the following is better for wheat cultivation ?
   A) Temperature – 22 – 32°C; Rainfall – 150 – 300 cm; Soil – deep clayey and loamy soil
   B) Temperature – 27 – 32°C; Rainfall – 50 – 100 cm; Soil – inferior alluvial or loamy soil
   C) Temperature – 20 – 25°C (mild cool and dry climate); Rainfall – 40 – 45 cm; soil – loamy soil
   D) Temperature – 10 – 15°C (sowing time) 21 – 26°C (Ripening and Harvesting time); Rainfall – 75 – 100 cm; Soil – well drained fertile loamy and clayey loamy

6. എൻഫോഴ്സ്മെന്റ് ഡയറക്ട്രേറ്റിന് അധികാരമുണ്ട്
   i. കള്ളപ്പണം വെളുപ്പിക്കൽ, വിദേശനാണ്യ വിനിമയ നിയമങ്ങളുടെ ലംഘനം തുടങ്ങിയ കുറ്റ കൃത്യങ്ങൾ അന്വേഷിക്കുക.
   ii. സർക്കാർ അഴിമതി അന്വേഷിക്കുക.
   iii. നികുതി വെട്ടിപ്പ് കേസുകൾ അന്വേഷിക്കുക.
   A) i മാത്രം
   B) ii മാത്രം
   C) iii മാത്രം
   D) മുകളിൽ പറഞ്ഞവ ഒന്നുമല്ല (i, ii, iii)

7. അന്തരീക്ഷത്തിന്റെ പാളികൾക്കനുസരിച്ച് താഴെ പറയുന്നവയിൽ ഏതാണ് ശരിയായ ക്രമം ?
   A) സ്ട്രാറ്റോസ്ഫിയർ – മെസോസ്ഫിയർ – എക്സോസ്ഫിയർ – തെർമോസ്ഫിയർ – ട്രോപോസ്ഫിയർ
   B) ട്രോപോസ്ഫിയർ – സ്ട്രാറ്റോസ്ഫിയർ – മെസോസ്ഫിയർ – തെർമോസ്ഫിയർ – എക്സോസ്ഫിയർ
   C) മെസോസ്ഫിയർ – ട്രോപോസ്ഫിയർ – എക്സോസ്ഫിയർ – സ്ട്രാറ്റോസ്ഫിയർ – തെർമോസ്ഫിയർ
   D) തെർമോസ്ഫിയർ – സ്ട്രാറ്റോസ്ഫിയർ – മെസോസ്ഫിയർ – ട്രോപോസ്ഫിയർ – എക്സോസ്ഫിയർ

8. ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള പർവതനിരയാണ് ആരവല്ലി. ആരവല്ലി പർവതനിരയെക്കുറിച്ച് താഴെപ്പറയുന്നവയിൽ പ്രാധാന്യമില്ലാത്തത് ഏതാണ് ?
   A) മൺസൂൺ സമയത്ത് ആരവല്ലി പർവ്വതനിരകൾ ഒരു തടസ്സമായി നിലനില്ലുന്നു. അതിനാൽ മൺസൂൺ മേഘങ്ങൾ കിഴക്കോട്ട് നീങ്ങുന്നു, കൂടാതെ ഉപ ഹിമാലയൻ നദികളെ നട്ടുവളർത്തുകയും ഉത്തരേന്ത്യൻ സമതലത്തിനു ഭക്ഷണം നൽകുകയും ചെയ്യുന്നു
   B) ആരവല്ലി താർമരുഭൂമിക്കും ഉത്തരേന്ത്യൻ സമതലത്തിനും ഇടയിലുള്ള ഒരു തടസമായി നിലനില്ലുന്നു
   C) ഉത്തരേന്ത്യയും ദക്ഷിണേന്ത്യയും തമ്മിലുള്ള വേർതിരിക്കുന്ന മതിലായി ആരവല്ലി പ്രവർത്തിക്കുന്നു
   D) രൂക്ഷമായ ജലക്ഷാമം നേരിടുന്ന പ്രദേശത്തിന്റെ ഭൂഗർഭജല റീചാർജായി പച്ചപ്പുള്ള ആരവല്ലി പ്രവർത്തിക്കുന്നു

9. പ്രധാന ഭൂമിയെ വേർതിരിക്കുന്നതും രണ്ട് പ്രധാന ഭൂഗർഭജല പുനരുദ്ധാരണങ്ങളെ ബന്ധിപ്പിക്കുന്നതുമായ നേർത്ത ജലാശയങ്ങളാണ് കടലിടുക്ക്. ബോസ്ഫറസ് കടലിടുക്ക് ഏഷ്യൻ തുർക്കിയെ യൂറോപ്പിൽ നിന്ന് വേർതിരിക്കുന്നു, അത് ______________ നെ ബന്ധിപ്പിക്കുന്നു.
   A) കരിങ്കടലും മരാമര കടലും
   B) അറ്റ്ലാന്റിക് സമുദ്രവും മെഡിറ്ററേനിയൻ കടലും
   C) കരിങ്കടലും അറബിക്കടലും
   D) മെഡിറ്ററേനിയൻ കടലും ബാൾട്ടിക് കടലും

10. ഗോതമ്പ് കൃഷിക്ക് താഴെ പറയുന്നവയിൽ ഏത് അവസ്ഥയാണ് (താപനില, മഴ, മണ്ണിന്റെ തരം) നല്ലത് ?
   A) താപനില – 22 – 32°C; മഴ – 150 – 300 cm; ആഴമേറിയ കളിമണ്ണും പശിമരാശിയും നിറഞ്ഞ മണ്ണ്
   B) താപനില – 27 – 32°C; മഴ – 50 – 100 cm; താഴ്ന്ന മണ്ണ് അല്ലെങ്കിൽ എക്കൽ മണ്ണ്
   C) താപനില – 20 – 25°C (മിതമായ തണുത്തതും വരണ്ടതുമായ കാലാവസ്ഥ); മഴ – 40 – 45 cm; മണ്ണ് – പശിമരാശി മണ്ണ്
   D) താപനില – 10 – 15°C (വിതയ്ക്കുന്ന സമയം) 21 – 26°C (കായ്കൾ വിളയുന്ന സമയം); മഴ – 75 – 100 cm; മണ്ണ് – നന്നായി വറ്റിച്ചു ഫലഭൂയിഷ്ഠമായ പശിമരാശിയും കളിമണ്ണും നിറഞ്ഞ പശിമരാശിയും

11. Following is the list of Hydro Electric Projects in Kerala. Which among them is the Hydro Electric Project in Idukki district ?
   A) Lower Periyar, Neriyamangalam, Panniyur, Sengulam
   B) Sholayar, Sabarigiri, Peringalkuthu, Kalladi
   C) Idamalayar, Kakkad, Sholayar, Idukki
   D) Pallivasal, Kuttiadi, Malakavu, Sholayar

12. Basin Countries of Bay of Bengal
   A) India, Sri Lanka, Malaysia, Bhutan, Bangladesh
   B) Bangladesh, Nepal, Sri Lanka, Myanmar, Andaman
   C) Bangladesh, India, Indonesia, Myanmar, Sri Lanka
   D) Myanmar, India, Pakistan, Indonesia, Malaysia

13. Which of the following statement is/are true in the case of recent Indian labour market ?
   A) There has been tremendous change in India's Work Force Participation Rate after 1990
   B) Female Work force participation has been quite high in India
   C) Both A and B
   D) Neither A nor B

14. NABARD (National Bank for Agriculture and Rural Development) is an example for
   A) Non-Banking Financial Intermediary
   B) Banking Financial Intermediary
   C) Statutory Non-Banking Financial Organization
   D) Statutory Banking Financial Intermediary

15. Which of the following statement is/are correct about the assessment of five year plans in India ?
   I. The Second Five Year Plan was a big success despite the scarcity of foreign exchange reserve.
   II. The Second Plan was based on Wage Good Model.
   III. The First Plan was a great success as the production targets were more than fulfilled
   A) Only (I and III)
   B) Only (III)
   C) Only (II and III)
   D) Only (I)

11. കേരളത്തിലെ ജലവൈദ്യുത പദ്ധതികളുടെ പട്ടിക താഴെ കൊടുക്കുന്നു. അവയിൽ ഏതാണ് ഇടുക്കി ജില്ലയിലെ ജലവൈദ്യുത പദ്ധതി ?
   A) താഴ്ന്ന പെരിയാർ, നേര്യമംഗലം, പൊന്നിയൂർ, ചെങ്കുളം
   B) ഷോളയാർ, ശബരിഗിരി, പെരിങ്ങൽക്കുത്ത്, കല്ലട
   C) ഇടമലയാർ, കക്കാട്, ഷോളയാർ, ഇടുക്കി
   D) പള്ളിവാസൽ, കുറ്റ്യാടി, മലകാവ്, ഷോളയാർ

12. ബംഗാൾ ഉൾക്കടലിന്റെ ബേസിൻ രാജ്യങ്ങൾ
   A) ഇന്ത്യ, ശ്രീലങ്ക, മലേഷ്യ, ഭൂട്ടാൻ, ബംഗ്ലാദേശ്
   B) ബംഗ്ലാദേശ്, നേപ്പാൾ, ശ്രീലങ്ക, മ്യാൻമർ, ആൻഡമാൻ
   C) ബംഗ്ലാദേശ്, ഇന്ത്യ, ഇന്തോനേഷ്യ, മ്യാൻമർ, ശ്രീലങ്ക
   D) മ്യാൻമർ, ഇന്ത്യ, പാകിസ്ഥാൻ, ഇന്തോനേഷ്യ, മലേഷ്യ

13. സമീപകാല ഇന്ത്യൻ തൊഴിൽ വിപണിയുടെ കാര്യത്തിൽ താഴെപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ്/ഏതൊക്കെയാണ് ശരി ?
   A) 1990 ന് ശേഷം ഇന്ത്യയുടെ തൊഴിൽസേനാ പങ്കാളിത്ത നിരക്കിൽ വലിയ മാറ്റമുണ്ടായി
   B) സ്ത്രീതൊഴിലാളി പങ്കാളിത്തം ഇന്ത്യയിൽ വളരെ ഉയർന്നതാണ്
   C) രണ്ടും (A യും B യും)
   D) A യോ B യോ അല്ല

14. നബാർഡ് (നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ്)ന് ഒരു ഉദാഹരണമാണ്
   A) നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ ഇന്റർമീഡിയറി
   B) ബാങ്കിംഗ് ഫിനാൻഷ്യൽ ഇന്റർമീഡിയറി
   C) സ്റ്റാറ്റ്യൂട്ടറി നോൺ-ബാങ്കിംഗ് ഫിനാൻഷ്യൽ ഓർഗനൈസേഷൻ
   D) സ്റ്റാറ്റ്യൂട്ടറി ബാങ്കിംഗ് ഫിനാൻഷ്യൽ ഇന്റർമീഡിയറി

15. ഇന്ത്യയിലെ പഞ്ചവത്സര പദ്ധതികളുടെ വിലയിരുത്തൽ സംബന്ധിച്ച് താഴെപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരിയായത് ?
   I. രണ്ടാം പഞ്ചവത്സര പദ്ധതി വലിയ വിജയമായിരുന്നു, വിദേശനാണ്യ കരുതൽ ക്ഷാമം ഉണ്ടായിട്ടും.
   II. വേജ് ഗുഡ് മാതൃക അടിസ്ഥാനമാക്കിയുള്ളതാണ് രണ്ടാം പദ്ധതി.
   III. ഉൽപ്പാദന ലക്ഷ്യങ്ങൾ കൂടുതൽ പൂർത്തീകരിച്ചതിനാൽ ഒന്നാം പദ്ധതി വൻ വിജയമായിരുന്നു.
   A) I ഉം III ഉം മാത്രം
   B) III മാത്രം
   C) II ഉം III ഉം മാത്രം
   D) I മാത്രം

16. Of the following which is not a major area of work related to the Department of Investment and Public Asset Management (DIPAM) that comes under the Union Finance Ministry ?
    I. Strategic Disinvestment.
    II. Recapitalization of Public Sector Banks.
    III. Minority Stake Sales.
    IV. Asset Monetization.
    A) Only (I and III)
    B) Only (III and IV)
    C) Only (II)
    D) Only (IV)

17. Of the following which is/are not included in the list of centre indirect taxes subsumed in to the Goods and Services Taxes (GST) in India ?
    I. Entry Tax and Entertainment Tax (other than taxes levied by local bodies).
    II. Excise duty levied under medical and toilet preparations.
    III. Service Tax.
    IV. Tax on Lottery, Betting and Gambling.
    A) Only (I and IV)
    B) Only (I and III)
    C) Only (II and III)
    D) Only (II and IV)

18. Which is true according to the Gender Gap Index 2021 prepared by the World Economic Forum ?
    A) Norway is the most gender equal Country and Pakistan is the least gender equal Country
    B) Iceland is the most gender equal Country and Afghanistan is the least gender equal Country
    C) Finland is the most gender equal Country and Afghanistan is the least gender equal Country
    D) Bhutan is the most gender equal Country and Pakistan is the least gender equal Country

19. "Free and Compulsory education of all children in the age group of six to fourteen years" is guaranteed under which Article of the Indian Constitution ?
    A) Article 22
    B) Article 21 A
    C) Article 32
    D) Article 42

20. The Writ of Habeas Corpus can be issued against
    A) Private individuals only
    B) Public authorities only
    C) Both Private individuals and Public authorities
    D) It cannot be issued against Private individuals or Public authorities

16. കേന്ദ്ര ധനമന്ത്രാലയത്തിന് കീഴിൽ വരുന്ന ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻവെസ്റ്റ്മെന്റ് ആൻഡ് പബ്ലിക് അസറ്റ് മാനേജ്മെന്റുമായി (DIPAM) ബന്ധപ്പെട്ട പ്രധാന പ്രവർത്തന മേഖലയല്ലാത്ത് താഴെ പ്പറയുന്നവയിൽ ഏതാണ് ?

I. തന്ത്രപരമായ നിക്ഷേപം വിറ്റഴിക്കൽ

II. പൊതുമേഖലാ ബാങ്കുകളുടെ പുന:മൂലധനവൽക്കരണം.

III. ന്യൂനപക്ഷ ഓഹരി വിൽപ്പന.

IV. ആസ്തി ധനസമ്പാദനം.

A) I ഉം III ഉം മാത്രം
B) III ഉം IV ഉം മാത്രം
C) II മാത്രം
D) IV മാത്രം

17. താഴെകൊടുത്തിരിക്കുന്നവയിൽ ഇന്ത്യയിലെ ചരക്ക് സേവന നികുതികളിൽ (GST) ഉൾപ്പെടുത്തി യിട്ടുള്ള കേന്ദ്ര പരോക്ഷ നികുതികളുടെ പട്ടികയിൽ ഉൾപ്പെടാത്തത് ഏതാണ് ?

I. പ്രവേശന നികുതിയും വിനോദ നികുതിയും (തദ്ദേശ സ്ഥാപനങ്ങൾ ചുമത്തുന്ന നികുതികൾ ഒഴികെ).

II. മെഡിക്കൽ, ടോയ്‌ലറ്റ് തയ്യാറെടുപ്പുകൾക്ക് കീഴിൽ ചുമത്തുന്ന എക്സൈസ് തീരുവ.

III. സേവന നികുതി.

IV. ലോട്ടറി, വാതുവെപ്പ്, ചൂതാട്ടം എന്നിവയുടെ നികുതി.

A) I ഉം IV ഉം മാത്രം
B) I ഉം III ഉം മാത്രം
C) II ഉം III ഉം മാത്രം
D) II ഉം IV ഉം മാത്രം

18. വേൾഡ് ഇക്കണോമിക് ഫോറം തയ്യാറാക്കിയ ലിംഗ വ്യത്യാസ സൂചിക 2021 പ്രകാരം ഏതാണ് ശരി ?

A) നോർവേ ഏറ്റവും ലിംഗസമത്വമുള്ള രാജ്യം, പാകിസ്ഥാൻ ഏറ്റവും കുറഞ്ഞ ലിംഗസമത്വമുള്ള രാജ്യം

B) ഐസ്‌ലാൻഡ് ഏറ്റവും ലിംഗസമത്വമുള്ള രാജ്യം, അഫ്ഗാനിസ്ഥാൻ ഏറ്റവും കുറഞ്ഞ ലിംഗസമത്വമുള്ള രാജ്യം

C) ഫിൻലാൻഡ് ഏറ്റവും ലിംഗ തുല്യമായ രാജ്യം, അഫ്ഗാനിസ്ഥാൻ ഏറ്റവും കുറഞ്ഞ ലിംഗസമത്വമുള്ള രാജ്യം

D) ഭൂട്ടാൻ ഏറ്റവും ലിംഗസമത്വമുള്ള രാജ്യം, പാകിസ്ഥാൻ ഏറ്റവും കുറഞ്ഞ ലിംഗസമത്വമുള്ള രാജ്യം

19. "ആറ് മുതൽ പതിനാലു വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം" ഇന്ത്യൻ ഭരണഘടനയുടെ ഏത് ആർട്ടിക്കിൾ പ്രകാരമാണ് ഉറപ്പു നൽകുന്നത് ?

A) ആർട്ടിക്കിൾ 22
B) ആർട്ടിക്കിൾ 21 A
C) ആർട്ടിക്കിൾ 32
D) ആർട്ടിക്കിൾ 42

20. ഹേബിയസ് കോർപ്പസ് റിട്ട് പുറപ്പെടുവിക്കാവുന്നത് ആർക്കെതിരെ ?

A) സ്വകാര്യ വ്യക്തികൾക്ക് മാത്രം

B) പൊതു അധികാരികൾക്ക് മാത്രം

C) സ്വകാര്യ വ്യക്തികളും പൊതു അധികാരികളും

D) സ്വകാര്യ വ്യക്തികൾക്കോ പൊതു അധികാരികൾക്കോ എതിരെ ഇത് പുറപ്പെടുവിക്കാൻ കഴിയില്ല

21. Separation of judiciary from the executive is guaranteed under
   A) Article 30 B) Article 14 C) Article 50 D) Article 51

22. In which of the following cases did Justice K. S. Hegde observe that Fundamental Rights and Directive Principles of State Policy constituted the 'Conscience of the Constitution' ?
   A) Kesavananda Bharati vs State of Kerala
   B) M.C. Mehta vs Union of India
   C) Mohini Jain vs State of Karnataka
   D) D. K. Basu vs State of West Bengal

23. The word 'Integrity' was added in the preamble of the Indian Constitution as per which of the following Constitution Amendment Act ?
   A) 42nd Amendment Act B) 44th Amendment Act
   C) 1st Amendment Act D) 103rd Amendment Act

24. The division of powers between the Union Government and the State Governments is dealt under
   A) 7th Schedule B) 6th Schedule C) 9th Schedule D) 10th Schedule

25. Which of the following is the National language of India ?
   A) Hindi
   B) Malayalam
   C) English
   D) There is no National language of India as per the Constitution of India

26. According to Article 124(2) of the Indian Constitution, the age of retirement for the judges of the Supreme Court of India is
   A) 62 B) 65 C) 67 D) 58

27. The 'Statue of Unity' is located in which of the following Indian State ?
   A) Bihar B) Karnataka C) Tamil Nadu D) Gujarat

28. Which is the book published by Kerala Sahitya Academy and compiled by Thrissur District Administration about Kerala floods ?
   A) Pralayaksharangal B) Pralayakazchakal
   C) Kannerkanal D) Mahamari

29. The State Government seeks legal advice from whom ?
   A) Attorney General B) Governor
   C) Chief Secretary D) Advocate General

21. ജുഡീഷ്യറിയെ എക്സിക്യൂട്ടീവിൽ നിന്ന് വേർപെടുത്തുന്നത് ഉറപ്പു നൽകുന്നത്
A) ആർട്ടിക്കിൾ 30 B) ആർട്ടിക്കിൾ 14 C) ആർട്ടിക്കിൾ 50 D) ആർട്ടിക്കിൾ 51

22. സംസ്ഥാന നയത്തിന്റെ മൗലികാവകാശങ്ങളും മാർഗനിർദേശ തത്വങ്ങളും ഭരണഘടനയുടെ മന:സാക്ഷിയെ രൂപപ്പെടുത്തിയെന്ന് ജസ്റ്റിസ് കെ. എസ്. ഹെഗ്ഡെ നിരീക്ഷിച്ചത് താഴെപ്പറയുന്ന ഏത് കേസിലാണ് ?
A) കേശവാനന്ദ ഭാരതി VS കേരള സംസ്ഥാനം
B) എം. സി. മേത്ത VS യൂണിയൻ ഓഫ് ഇന്ത്യ
C) മോഹിനി ജെയിൻ VS കർണാടക സംസ്ഥാനം
D) ഡി. കെ. ബസു VS വെസ്റ്റ് ബംഗാൾ സംസ്ഥാനം

23. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ 'സമഗ്രത' എന്ന വാക്ക് ചേർത്തിരിക്കുന്നത് താഴെ പറയുന്ന ഏത് ഭരണഘടന ഭേദഗതി നിയമപ്രകാരമാണ് ?
A) 42-ാം ഭേദഗതി നിയമം B) 44-ാം ഭേദഗതി നിയമം
C) 1-ാം ഭേദഗതി നിയമം D) 103-ാം ഭേദഗതി നിയമം

24. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും തമ്മിലുള്ള അധികാര വിഭജനം ________ പ്രകാരം കൈകാര്യം ചെയ്യുന്നു.
A) 7-ാം ഷെഡ്യൂൾ B) 6-ാം ഷെഡ്യൂൾ C) 9-ാം ഷെഡ്യൂൾ D) 10-ാം ഷെഡ്യൂൾ

25. താഴെപ്പറയുന്നവയിൽ ഏതാണ് ഇന്ത്യയുടെ ദേശീയ ഭാഷ ?
A) ഹിന്ദി
B) മലയാളം
C) ഇംഗ്ലീഷ്
D) ഇന്ത്യൻ ഭരണഘടന പ്രകാരം ഇന്ത്യയിൽ ദേശീയ ഭാഷയില്ല

26. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 124(2) അനുസരിച്ച്, ഇന്ത്യൻ സുപ്രീം കോടതിയിലെ ജഡ്ജിമാരുടെ വിരമിക്കൽ പ്രായം
A) 62 B) 65 C) 67 D) 58

27. സ്റ്റാച്യു ഓഫ് യൂണിറ്റി സ്ഥിതി ചെയ്യുന്ന ഇന്ത്യയിലെ സംസ്ഥാനം ഏതാണ് ?
A) ബീഹാർ B) കർണ്ണാടക C) തമിഴ്നാട് D) ഗുജറാത്ത്

28. കേരളത്തിലെ പ്രളയത്തെ സംബന്ധിച്ച് കേരള സാഹിത്യ അക്കാദമി സ്വരൂപിച്ചു തൃശ്ശൂർ ജില്ല അഡ്മിനിസ്ട്രേഷൻ പ്രചരിപ്പിച്ചതുമായ പുസ്തകം ഏതാണ് ?
A) പ്രളയാക്ഷരങ്ങൾ B) പ്രളയക്കാഴ്ചകൾ
C) കണ്ണീർകനൽ D) മഹാമാരി

29. സംസ്ഥാന സർക്കാർ ആരിൽ നിന്നാണ് നിയമോപദേശം തേടുന്നത് ?
A) അറ്റോർണി ജനറൽ B) ഗവർണർ
C) ചീഫ് സെക്രട്ടറി D) അഡ്വക്കേറ്റ് ജനറൽ

30. Lokayukta can resign by submitting resignation to
    A) Chief Minister
    B) Governor
    C) Speaker
    D) Chief Justice of High Court

31. Name the Solid Waste Management Project started by Kudumbasree.
    A) Niyukti
    B) Thelima
    C) Thalir
    D) Sampoorn

32. Kerala State Commission for Protection of Child Rights came into existence on
    A) 2004
    B) 2005
    C) 2013
    D) 2012

33. In State Civil Service, Class I and Class II employees are known as
    A) Gazetted Officers
    B) Non-Gazetted Officers
    C) Government Officers
    D) Non-Government Officers

34. Which of the following statement is/are false about Ascorbic acid ?
    i. It shows antioxidant activity.
    ii. It is a strong reducing agent.
    iii. It can be synthesized in the body.
    iv. Involved in hydroxylation of prolyl and lysyl-residues of collagen.
    A) Only i and ii
    B) Only ii and iv
    C) Only iii
    D) Only i, ii and iv

35. Which of the following is the main thinking part of the human brain ?
    A) Hind brain
    B) Cerebrum
    C) Mid brain
    D) None of the above

36. Which of the following statement is/are correct about 'One Health' approach ?
    i. The objective of the concept of One Health is to improve human and animal health.
    ii. 'One Health' programme is mainly concerned with the health of human beings only.
    iii. It involves medical professionals only.
    A) Only ii and iii
    B) Only i
    C) All of the above i, ii and iii
    D) Only i and iii

37. Which of the following increases your risk for type 2 diabetes ?
    A) Not getting enough exercise
    B) Eating too much sugar
    C) Being over weight
    D) A and C

38. A project offering free treatment for all children (below 18 years of age) in Kerala irrespective of their income status is
    A) Arogyakiranam
    B) Amrutham
    C) Aardram
    D) Aswamedham

30. ലോകായുക്ത ആർക്കാണ് രാജി സമർപ്പിക്കുന്നത് ?
A) മുഖ്യമന്ത്രി
B) ഗവർണർ
C) സ്പീക്കർ
D) ഹൈക്കോടതി ചീഫ് ജസ്റ്റിസ്

31. കുടുംബശ്രീ ആരംഭിച്ച ഖരമാലിന്യ സംസ്കരണ പദ്ധതിയുടെ പേര് ?
A) നിയുക്തി
B) തെളിമ
C) തളിർ
D) സമ്പൂർണ്

32. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ നിലവിൽ വന്നത്
A) 2004
B) 2005
C) 2013
D) 2012

33. സംസ്ഥാന സിവിൽ സർവീസിൽ, ക്ലാസ് I, ക്ലാസ് II ജീവനക്കാർ അറിയപ്പെടുന്നത്
A) ഗസറ്റഡ് ഉദ്യോഗസ്ഥർ
B) നോൺ-ഗസറ്റഡ് ഉദ്യോഗസ്ഥർ
C) സർക്കാർ ഉദ്യോഗസ്ഥർ
D) സർക്കാരിതര ഉദ്യോഗസ്ഥർ

34. അസ്കോർബിക് ആസിഡിനെക്കുറിച്ച് താഴെപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ്/ ഏതൊക്കെയാണ് തെറ്റായത് ?
i. ആന്റിഓക്സിഡന്റ് പ്രവർത്തനം കാണിക്കുന്നു.
ii. ശക്തമായ റെഡ്യൂസിങ് ഏജന്റാണ്.
iii. ഇത് ശരീരത്തിൽ സമന്വയിപ്പിക്കാൻ കഴിയും.
iv. കൊളാജനിൽ പ്രോലൈലിന്റെയും ലൈസിൽ അവശിഷ്ടങ്ങളുടെയും ഹൈഡ്രോക്സിലേഷനിൽ ഉൾപ്പെടുന്നു.
A) i ഉം ii ഉം മാത്രം
B) ii ഉം iv ഉം മാത്രം
C) iii മാത്രം
D) i ഉം ii ഉം iv ഉം മാത്രം

35. മനുഷ്യ മസ്തിഷ്കത്തിന്റെ പ്രധാന ചിന്താഭാഗം താഴെ പറയുന്നവയിൽ ഏതാണ് ?
A) ഹിൻഡ് തലച്ചോറ്
B) സെറിബ്രം
C) മിഡ് തലച്ചോറ്
D) മുകളിൽ പറഞ്ഞവ ഒന്നുമല്ല

36. 'ഒരു ആരോഗ്യ' സമീപനത്തെക്കുറിച്ച് താഴെപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ്/ഏതൊക്കെയാണ് ശരി ?
i. 'ഒരു ആരോഗ്യം' എന്ന ആശയത്തിന്റെ ലക്ഷ്യം മനുഷ്യരുടെയും മൃഗങ്ങളുടെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിന്.
ii. 'ഒരു ആരോഗ്യം' എന്ന പരിപാടി പ്രധാനമായും മനുഷ്യരുടെ ആരോഗ്യവുമായി ബന്ധപ്പെട്ടതാണ്.
iii. മെഡിക്കൽ പ്രൊഫഷണലുകൾ മാത്രം ഉൾപ്പെടുന്നു.
A) ii ഉം iii ഉം മാത്രം
B) i മാത്രം
C) മുകളിൽ പറഞ്ഞവയെല്ലാം (i, ii, iii)
D) i ഉം iii ഉം മാത്രം

37. താഴെപ്പറയുന്നവയിൽ ഏതാണ് നിങ്ങളുടെ ടൈപ്പ് 2 പ്രമേഹത്തിനുള്ള അപകട സാധ്യത വർദ്ധിപ്പിക്കുന്നത് ?
A) വേണ്ടത്ര വ്യായാമം ലഭിക്കുന്നില്ല
B) അമിതമായി പഞ്ചസാര കഴിക്കുന്നത്
C) അമിതഭാരം
D) A യും C യും

38. കേരളത്തിലെ എല്ലാ കുട്ടികൾക്കും (18 വയസ്സിന് താഴെയുള്ളവർ) അവരുടെ വരുമാന നില പരിഗണിക്കാതെ സൗജന്യ ചികിത്സ വാഗ്ദാനം ചെയ്യുന്ന ഒരു പദ്ധതി.
A) ആരോഗ്യ കിരണം
B) അമൃതം
C) ആർദ്രം
D) അശ്വമേധം

39. The Hubble constant has the dimension of

A) Time B) Mass C) Distance D) Frequency

40. An eye specialist prescribes spectacles having combination of diverging lens of focal length 10 cm and a converging lens of 40 cm. The power of the lens combination in diopters is

A) 7.5D B) –7.5D C) 12.5D D) –12.5D

41. The kinetic energy of a body increases by 125% due to change in velocity. The momentum of body changes by

A) 150% B) 25% C) 50% D) 225%

42. Which Scientific payload from India was employed in Chandrayaan – I Mission to moon ?

A) Chandrayaan – I X-ray Spectrometer (CIXS)

B) Moon Impact Probe (MIP)

C) Moon Mineralogy Mapper (M3)

D) Radiation Dose Monitor (RADOM)

43. The gas possessing highest value of Root Mean Square (RMS) velocity at a definite temperature is

A) Hydrogen B) Oxygen

C) Sulphur dioxide D) Carbon dioxide

44. Which among the following elements have the highest metallic character ?

A) Na B) K C) Li D) Rb

45. The relative order of acidity of the oxy-acids of chlorine is

A) $HClO > HClO_2 > HClO_3 > HClO_4$ B) $HClO < HClO_2 < HClO_3 < HClO_4$

C) $HClO_3 > HClO_4 > HClO > HClO_2$ D) $HClO > HClO_2 > HClO_4 > HClO_3$

46. Which of these two institutions collaborated for India Innovation Centre for Graphene ?

A) CUSAT and C-MET

B) Kerala Technical University and CUSAT

C) C-MET and Digital University Kerala

D) Digital University Kerala and CUSAT

39. ഹബിൾ സ്ഥിരാങ്കത്തിന് ________ ന്റെ അളവുണ്ട്.

A) സമയം
B) പിണ്ഡം
C) ദൂരം
D) ആവൃത്തി

40. ഫോക്കൽ ലെങ്ത് 10 സെന്റീമീറ്റർ വ്യതിചലിക്കുന്ന ലെൻസും 40 സെന്റീമീറ്റർ കൺവേർജിംഗ് ലെൻസും ചേർന്ന കണ്ണടകൾ ഒരു നേത്രരോഗവിദഗ്ദ്ധൻ നിർദ്ദേശിക്കുന്നു. ഡയോപ്റ്ററുകളിലെ ലെൻസ് സംയോജനത്തിന്റെ പവ്വർ ആണ്

A) 7.5D
B) –7.5D
C) 12.5D
D) –12.5D

41. പ്രവേഗത്തിന്റെ മാറ്റം കാരണം ശരീരത്തിന്റെ ഗതികോർജ്ജം 125% വർദ്ധിക്കുന്നു. ശരീരത്തിന്റെ ആക്കം __________ ആയി മാറുന്നു.

A) 150%
B) 25%
C) 50%
D) 225%

42. ചന്ദ്രയാൻ – I ദൗത്യത്തിൽ ചന്ദ്രനിലേക്ക് ഇന്ത്യയിൽ നിന്നുള്ള ഏത് ശാസ്ത്രീയ പേലോഡാണ് ഉപയോഗിച്ചത് ?

A) ചന്ദ്രയാൻ – I എക്സ്-റേ സ്പെക്ട്രോമീറ്റർ (CIXS)
B) മൂൺ ഇംപാക്റ്റ് പ്രോബ് (MIP)
C) മൂൺ മിനറോളജി മാപ്പർ (M3)
D) റേഡിയേഷൻ ഡോസ് മോണിറ്റർ (RADOM)

43. ഒരു നിശ്ചിത ഊഷ്മാവിൽ റൂട്ട് ശരാശരി സ്ക്വയർ (RMS) വേഗതയുടെ ഏറ്റവും ഉയർന്ന മൂല്യമുള്ള വാതകം ഏത് ?

A) ഹൈഡ്രജൻ
B) ഓക്സിജൻ
C) സൾഫർ ഡയോക്സൈഡ്
D) കാർബൺ ഡയോക്സൈഡ്

44. താഴെ പറയുന്ന മൂലകങ്ങളിൽ ഏതാണ് ഏറ്റവും ഉയർന്ന ലോഹ സ്വഭാവമുള്ളത് ?

A) Na
B) K
C) Li
D) Rb

45. ക്ലോറിൻ ഓക്സിയാസിഡുകളുടെ അസിഡിറ്റിയുടെ ആപേക്ഷിക ക്രമം __________ ആണ്.

A) $HClO > HClO_2 > HClO_3 > HClO_4$
B) $HClO < HClO_2 < HClO_3 < HClO_4$
C) $HClO_3 > HClO_4 > HClO > HClO_2$
D) $HClO > HClO_2 > HClO_4 > HClO_3$

46. ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീനുമായി സഹകരിച്ച രണ്ട് സ്ഥാപനങ്ങൾ ഏതാണ് ?

A) കുസാറ്റും സി-മെറ്റും
B) കേരള സാങ്കേതിക സർവകലാശാലയും കുസാറ്റും
C) സി-മെറ്റും കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയും
D) കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയും കുസാറ്റും

47. 'Once there lived a woman who restrained herself from the stringent rules of caste system. While she was carrying a child, she broke the caste law by drinking water from a pot made of arecanut leaf being used by an outcast. Annoyed by this incident the head of the family killed her. The villagers came to the conclusion that the assassinated women must have emerged as a Goddess. Her Theyyams performed in every year in the month of April'.

The above description is related to which of the following Theyyam in Kerala ?

A) Padamadakki Bhagavathi
B) Padikutty Amma
C) Manakkot Amma
D) Puthiya Bhagavathy

48. Which of the following statements is/are related to Sunil Chhetri ?

i. Sunil Chhetri is nick named as 'Sikkimese Sniper'.
ii. Only Indian Player to be inducted in Asian Football Hall of Fame.
iii. The first footballer to receive Khel Ratna Award.

A) i only
B) i and ii only
C) iii only
D) All of them

49. Read the following statements and then choose the correct answer.

i. The Bharat Bhavan is a cultural institution, set up in 1984, with the aim of leading and encouraging such a symbiosis between communities and cultures.
ii. The Bharat Bhavan instituted a 'Vivarthaka Ratnam' Award for Best Translator.

A) Both are true
B) Only statement i is true
C) Only statement ii is true
D) Both are false

50. Match the following :

i. A. T. Kovoor — a. M. Vasudevan Nair
ii. Cynic — b. Abraham Thomas
iii. Kaanam — c. K. M. Mathew
iv. Ekalavyan — d. E. J. Philip

Select the correct codes from below :

| | i | ii | iii | iv |
|---|---|---|---|---|
| A) | d | b | a | c |
| B) | a | c | d | b |
| C) | b | a | d | c |
| D) | b | a | c | d |

47. "ഒരു കാലത്ത് ജാതി വ്യവസ്ഥയുടെ കർക്കശമായ നിയമങ്ങളിൽ നിന്ന് സ്വയം ഒതുങ്ങി കഴിയുന്ന ഒരു സ്ത്രീ ജീവിച്ചിരുന്നു. അവൾ ഒരു കുഞ്ഞിനെ ഗർഭം ധരിച്ചിരുന്ന കാലത്ത്, ഒരു തൊട്ടുകൂടാത്തവൻ ഉപയോഗിച്ചിരുന്ന തോട്ടണി ഇലയുടെ പാത്രത്തിൽ നിന്ന് വെള്ളം കുടിച്ച് ജാതി നിയമം ലംഘിച്ചു. ഈ സംഭവത്തിൽ അലോസരപ്പെട്ട് കുടുംബനാഥൻ അവളെ കൊന്നു. കൊല്ലപ്പെട്ട സ്ത്രീ ഒരു ദേവതയായി ഉയർന്നു വന്നിരിക്കണം എന്ന നിഗമനത്തിൽ ഗ്രാമവാസികൾ എത്തി. എല്ലാ വർഷവും ഏപ്രിൽ മാസത്തിലാണ് അവളുടെ തെയ്യങ്ങൾ അരങ്ങേറുന്നത് ".
മുകളിലെ വിവരണം താഴെ പറയുന്നവയിൽ കേരളത്തിലെ ഏത് തെയ്യവുമായി ബന്ധപ്പെട്ടതാണ് ?

A) പടമടക്കി ഭഗവതി
B) പാടിക്കുറ്റി അമ്മ
C) മണക്കോട്ട് അമ്മ
D) പുതിയ ഭഗവതി

48. താഴെ പറയുന്നവയിൽ ഏതാണ് സുനിൽ ഛേത്രിയുമായി ബന്ധപ്പെട്ടിരിക്കുന്നത് ?

i. 'സിക്കിമീസ് സ്നൈപ്പർ' എന്നാണ് സുനിൽ ഛേത്രിയുടെ വിളിപ്പേര്.
ii. ഫുട്ബോൾ ഹാൾ ഓഫ് ഫെയിമിൽ ഇടം നേടിയ ഏക ഇന്ത്യൻ താരം.
iii. ഖേൽരത്ന അവാർഡ് ലഭിച്ച ആദ്യ ഫുട്ബോൾ താരം.

A) i മാത്രം
B) i ഉം ii ഉം മാത്രം
C) iii മാത്രം
D) മുകളിൽ നൽകിയിരിക്കുന്നവയെല്ലാം

49. താഴെപ്പറയുന്ന പ്രസ്താവനകൾ വായിച്ച് ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

i. സമുദായങ്ങളും സംസ്കാരങ്ങളും തമ്മിലുള്ള അന്തരമൊരു സഹവർത്തിത്വത്തെ നയിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ, 1984-ൽ സ്ഥാപിതമായ ഒരു സാംസ്കാരിക സ്ഥാപനമാണ് ഭാരത്ഭവൻ.
ii. ഭാരത് ഭവൻ മികച്ച വിവർത്തകനുള്ള 'വിവർത്തക രത്ന' അവാർഡ് ഏർപ്പെടുത്തി.

A) രണ്ടും ശരിയാണ്
B) പ്രസ്താവന i മാത്രമാണ് ശരി
C) പ്രസ്താവന ii മാത്രമാണ് ശരി
D) രണ്ടും തെറ്റാണ്

50. താഴെപ്പറയുന്നവ ചേരുംപടി ചേർക്കുക.

| | |
|---|---|
| i. എ. ടി. കോവൂർ | a. എം. വാസുദേവൻ നായർ |
| ii. സിനിക് | b. എബ്രഹാം തോമസ് |
| iii. കാണം | c. കെ. എം. മാത്യു |
| iv. ഏകലവ്യൻ | d. ഇ. ജെ. ഫിലിപ്പ് |

താഴെ നിന്ന് ശരിയായ കോഡുകൾ തിരഞ്ഞെടുക്കുക.

| | i | ii | iii | iv |
|---|---|---|---|---|
| A) | d | b | a | c |
| B) | a | c | d | b |
| C) | b | a | d | c |
| D) | b | a | c | d |

51. On rewriting 0.3, $0.\overline{6}$, 0.75, $1.\overline{01}$ in the rational form, we get

A) $\frac{3}{10}, \frac{3}{5}, \frac{3}{4}, \frac{100}{99}$

B) $\frac{3}{10}, \frac{2}{3}, \frac{3}{4}, \frac{101}{100}$

C) $\frac{3}{10}, \frac{2}{3}, \frac{3}{4}, \frac{100}{99}$

